Minister for Home (**Shri K. M. Mani**) : Sir, I second it.

The question that the Calicut Municipal Corporation (Extension of Time for Reconstitution) Amendment Bill, 1979 be finally passed was put and carried.

The motion was adopted and the Bill was finally passed.

(v) 1979-ലെ കേരള മുനിസിപ്പാലിറ്റികൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, 1979-ലെ കേരള മുനിസിപ്പാലിറ്റികൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിരമായി നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെൻറും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. ഡെ: സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

Shri N. I. Devassykutty: Sir, I move that the Kerala Municipalities (Amendment) Bill, 1979 be circulated for eliciting public opinion till 31st May, 1979.

Shri R. Sundaresan Nair: Sir, I move that the Kerala Municipalities (Amendment) Bill, 1979 be referred to a Select Committee.

ശ്രീ. കെ. ജെ. ജോർജ്: സർ, ഞാൻ രണ്ടുവാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. സർ, ഈ ഭരണകക്ഷി നാണംകെട്ട് ഒരു ഗതികേടിൽ എത്തിയിരിക്കുന്ന ഈ സന്ദർഭത്തിൽ അവർക്കു ഇനിയെങ്കിലും ചിന്തിക്കാനുള്ള അവസരം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഞാൻ രണ്ടുവാക്കു സംസാരിക്കാൻ ആഗ്രഹിക്കുന്നത്. രാഷ്ട്രീയാഭിപ്രായം മാറിമാറി വരുമെന്നുള്ളത് നമുക്കൊക്കെ അറിയാം. നിങ്ങൾ ഈ നാണക്കേടിൻറെ കൂമ്പാരത്തിൽനിന്ന് രാജ്യം ഭരിക്കാമെന്നു വിചാരിക്കുന്നത്. തെറ്റാണെന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. മുസ്ലീംലീഗിൻറെ ഒരു പ്രമേയം പണ്ടു കാണുകയുണ്ടായി. ഒരു കാരണവശാലും മുനിസിപ്പൽ—കോർപ്പറേഷൻ—പഞ്ചായത്തുതിരഞ്ഞെടുപ്പുകൾ നീട്ടിവയ്ക്കാൻ സാധ്യമല്ലെന്നും..

ശ്രീ. പി. സീതിഹാജി: ആരാണ് അങ്ങനെ പ്രമേയം പാസാക്കിയത്?

ശ്രീ. കെ. ജെ. ജോർജ്: സീതി സാഹിബ്ബല്ലേ എന്നോടു പറഞ്ഞത്? തിരഞ്ഞെടുപ്പു നീട്ടിവച്ചാൽ നിങ്ങൾ മന്ത്രിസഭയിൽനിന്നു പോകുമെന്നുവരെ പറഞ്ഞവരാണ്. മുസ്ലീംലീഗിൻറെ പ്രമേയം പത്രത്തിലൊക്കെ കണ്ടതാണ്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും തിരഞ്ഞെടുപ്പു മാറ്റിവയ്ക്കുകയും ചെയ്തിരിക്കുകയാണ്. രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

കുതിരക്കച്ചവടം നടത്തുന്നതിനുവേണ്ടിയുള്ള ഈ നീട്ടിവയ്ക്കലിനെ നഖശിഖാന്തം എതിർക്കുന്നതിനുവേണ്ടിയാണ്. മുസ്ലീംലീഗിന്റെ പ്രമേയം നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. സീതിഹാജി: സർ, ബഹുമാനപ്പെട്ട മെമ്പർ മുസ്ലീം ലീഗ് പ്രമേയം പാസാക്കിയെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞുവെന്നു പറഞ്ഞത് ഈ സഭയെ തെറ്റിദ്ധരിപ്പിക്കാൻ പറഞ്ഞതാണ്. ശുദ്ധമായ കളവാണ് അദ്ദേഹം പറഞ്ഞത്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, മറുപടി പറയത്തക്ക ഒരു സംഗതി മാത്രമെയുള്ളു. മുസ്ലീം ലീഗിന്റെ പ്രമേയത്തെസംബന്ധിച്ച് ശ്രീ. സീതിഹാജി പറഞ്ഞുവെന്നു പറഞ്ഞത് അദ്ദേഹംതന്നെ നിഷേധിച്ചുകഴിഞ്ഞിട്ടുണ്ട്. മുസ്ലീം ലീഗിന്റെ അംഗങ്ങളാരും ഭരണമുന്നണി വിട്ടുപോകുമെന്നു പറഞ്ഞിട്ടില്ല. അദ്ദേഹത്തിന് എവിടെനിന്നു കിട്ടിയ വിവരമാണെന്ന് അറിഞ്ഞില്ല. പത്രങ്ങളിൽവന്ന വിവരങ്ങളെല്ലാം വിശ്വസിച്ച് നിയമസഭയിൽ പറയാൻ പാടുണ്ടോ എന്നറിയില്ല. അദ്ദേഹം പറഞ്ഞത് ഖണ്ഡിക്കുന്നു. ഈ നിയമം പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

The amendment moved by Shri N. I. Devassikutty was put and lost.

The amendment moved by Shri R. Sundaresan Nair, was, by leave withdrawn.

The question that the Kerala Municipalities (Amendment) Bill, 1979, be taken into consideration, was put and carried.

The Bill was taken into consideration.

Clauses 2 *and* 3

The question that clauses 2 and 3 stand part of the Bill, was put and carried.

Class 2 and 3 were added to the Bill

Clause 1, *Preamble and Title*

The question that clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Education (**Shri C. H. Mohammed Koya**): Sir, I move that the Kerala Municipalities (Amendment) Bill, 1979 be finally passed.

Minister for Home (**Shri K. M. Mani**): Sir I second it.

The question that the Kerala Municipalities (Amendment) Bill, 1979, be finally passed, was put and carried.

The motion was adopted and the Bill was finally passed.

LIBRARY ARCHIVES Kerala Legislative Assembly